LIBRARY ARCHIVES Kerala Legislative Assembly

വർഷച്ചെമ്മീക്കെട്ട്

* 877. [51] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷക്കെട്ടു നിരുത്തണമെന്നു കാണിച്ചു മത്സ്യത്തൊഴിലാളികളിൽ നിന്നും ഇതേവരെ എത്ര നിവേദനത്തിനു കിട്ടിയിട്ടുണ്ട്;

(ബി) ഈ നിയമം കർശനമായി പാലിച്ചു മത്സ്യത്തൊഴിലാളികളെ രക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 6 നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടപ്രകാരം തിരുവിതാംകൂറിൽ ചിങ്ങമാസം ഒന്നാംതിയതി മുതൽ കർക്കടകം അവസാനം വരെയും, കൊച്ചി പ്രദേശത്തു തുലാമാസം ഒന്നാംതിയതിമുതൽ മീനമാസം 30-ാംതിയതിവരെയും ചെമ്മീൻ വാറാൻ ലൈസൻസ് എടുക്കുന്നതിനു് ഏതൊരു വ്യക്തിക്കും അവകാശമുണ്ട്. ഈ രീതി അനുസരിച്ചു് തിരുവിതാംകൂർ വിഭാഗത്തു വർഷക്കെട്ടു് ഇപ്പോൾ നിയന്ത്രിക്കുന്നതു യുക്തമല്ല. എന്നിരുന്നാലും വർഷക്കെട്ടു മത്സ്യത്തൊഴിലാളികൾക്കു ഹാനികരമാണെന്നുണ്ടെങ്കിൽ അവരെ രക്ഷിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതാണു്.

പോലീസ് ഇൻസ്പെക്ടർമാരുടെ തെരഞ്ഞെടുപ്പു്.

* 878. [53] ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഇൻസ്പെക്ടർമാരുടെ കഴിഞ്ഞ തിരഞ്ഞെടുപ്പിനു പിന്നാക്കസമുദായഹിന്ദുക്കളിൽനിന്നു എത്രപേരും പിന്നാക്കസമുദായക്രിസ്ത്യാനികളിൽനിന്നു എത്രപേരും അപേക്ഷകരായിരുന്നു;

(ബി) ഇവരിൽനിന്നും എത്ര പേരെ തിരഞ്ഞെടുക്കാൻ ഇടയായിട്ടുണ്ട്;

(സി) ഇവക്കു നിർദ്ദിഷ്ടമായിരുന്ന യോഗ്യതകൾ യഥാക്രമം എന്തെല്ലാമായിരുന്നു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 1. പിന്നാക്കസമുദായഹിന്ദുക്കൾ 18.
2. പിന്നാക്കസമുദായക്രിസ്ത്യാനികൾ 21.

(ബി) 1. പിന്നാക്കസമുദായഹിന്ദുക്കൾ, 4 (നാലു്)
2. പിന്നാക്കസമുദായ ക്രിസ്ത്യാനികൾ, ഒന്നു് (1)

(സി) 1. സർവ്വകലാശാല ഡിഗ്രി (ബി. എ. ബി. എസ്സ്സി, ബി. കോം.)
2. ഉയരം അഞ്ചു് അടി അഞ്ചു് ഇഞ്ചു്.
3. കുറഞ്ഞ നെഞ്ചളവു് 32, ഇഞ്ചു്. വികസനം 2 ഇഞ്ചു് സ്പോർട്ട്സ്, സൈനികപരിശീലനം, എൻ. സി സി. അംഗത്വം [ഇവ കൂടുതൽ യോഗ്യതകളായി പരിഗണിക്കപ്പെട്ടിരുന്നു.